ധർമ്മ: സാക്ഷാദ്യതോ ജ്ഞാനം വൈരാഗ്യം ച തദന്വിതം
ഐശ്വര്യം ചാഷ്ടധാ യസ്മാദ്യശശ്ചാത്മമലാപഹം (10–89–16)
മുനീനാം ന്യ സ്തദണ്ഡാനാം ശാന്താനം സമചേതസാം
അകിഞ്ചനാനാം സാധൂനാം യമാഹു: പരമാം ഗതിം (10–89–17)
സത്വം യസ്യപ്രിയാ മൂർത്തിർബ്രാഹ്മണാസ്ത്വിഷ്ടദേവതാ:
ഭജന്ത്യനാശിഷ: ശാന്താ യം വാ നിപുണബുദ്ധയ: (10–89–18)
ത്രിവിധാകൃതയസ്തസ്യ രാക്ഷസാ അസുരാ: സുരാ:
ഗുണിന്യാ മായയാ സൃഷ്ടാ: സത്ത്വം തത്തീർത്ഥ സാധനം (10–89–19)

*ശുകമുനി തുടർന്നു:*
മാമുനിമാരുടെ ഒരു സദസ്സിൽ ത്രിമൂർത്തികളിലാരാണ് അഗ്രഗണ്യൻ എന്ന വിഷയത്തിലൊരു ചർച്ച നടന്നു. ഇക്കാര്യം തീരുമാനിച്ചു വരാൻ അവർ ബ്രഹ്മപുത്രനായ ഭൃഗുമുനിയെ ഏൽപ്പിച്ചു.

ആദ്യം ഭൃഗുമുനി പിതാവായ ബ്രഹ്മാവിൻെറ അടുക്കൽ ചെന്നു. മുനി ആദരവൊന്നും കാണിച്ചില്ല. കോപിതനായെങ്കിലും സ്വന്തം പുത്രനായതുകൊണ്ടു മാത്രം ബ്രഹ്മാവ് മഹർഷിക്കു മാപ്പു നൽകി. പിന്നീടദ്ദേഹം കൈലാസത്തേയ്ക്കു പോയി. അവിടെ തൻെറ ഭ്രാതാവായ പരമശിവനെ കണ്ടു. ശിവൻ എഴുന്നേറ്റ് ഭൃഗുവിനെ എതിരേറ്റ് ആലിംഗനം ചെയ്യാൻ മുതിരവേ മഹർഷി അറപ്പോടെ സ്വയം ഒഴിഞ്ഞുമാറി. “നിങ്ങൾ എല്ലാ ധർമ്മശാസ്ത്രങ്ങളെയും ധിക്കരിച്ചു ജീവിക്കുന്നു. എന്നെ തൊട്ടു പോകരുത്.” ശിവൻ കോപിഷ്ടനായി. തൻെറ ത്രിശൂലമെടുത്ത് മുനിയെ കുത്താനൊരുങ്ങിയെങ്കിലും പാർവ്വതി ഇടപ്പെട്ട് അതു തടഞ്ഞു.

ഭൃഗുമുനി പിന്നീട് വൈകുണ്ഠത്തിലേയ്ക്കു പോയി. അവിടെയാണല്ലോ വിഷ്ണു. ഭഗവാൻ ലക്ഷ്മീദേവിയുടെ മടിയിൽ തലവച്ചു കിടക്കുന്നു. പറയാതെ പെട്ടെന്നു കടന്നുവന്ന് ഭൃഗു ഭഗവാൻെറ നെഞ്ചിലൊരു ചവിട്ട്. വിഷ്ണു പെട്ടെന്നുണർന്നെണീറ്റ് മുനിയുടെ കാൽക്കൽ വീണു. “ദയവായി ക്ഷമിച്ചാലും. അങ്ങേക്കർഹമായ സ്വാഗതം നൽകാൻ എനിക്കു കഴിഞ്ഞില്ല. അങ്ങയുടെ കാലടികൾ എൻെറ ഇരിപ്പിടത്തെയും മണ്ഡലത്തെയും എന്നെയും പവിത്രമാക്കി. അങ്ങയുടെ കാലടിപ്പാടു കൊണ്ട് പവിത്രമായ എൻെറ മാറിടം ഇനി ലക്ഷ്മിയുടെ ഇരിപ്പിടമാവുന്നതാണ്.” ഭഗവാൻെറ വിനയപൂർവ്വമുള്ള വാക്കുകൾ കേട്ട് മറുപടിയൊന്നും പറയാനാവാതെ മുനി നിന്നു. അദ്ദേഹം മാമുനിമാരുടെ സഭയിൽ തിരിച്ചെത്തി ഭഗവാൻ വിഷ്ണുതന്നെയാണ് പരംപൊരുൾ എന്നു പ്രഖ്യാപിച്ചു;

ഭഗവാൻ വിഷ്ണുവിൽ നിന്നും ധർമ്മം, ജ്ഞാനം, നിർവ്വികാരത, തജ്ജന്യമായ അഷ്ടൈശ്വര്യങ്ങൾ, മനോമാലിന്യങ്ങളെ നീക്കുന്ന മഹിമാവിശേഷം എന്നിവ ഉദ്ഭവിക്കുന്നു. അഹിംസാദിതത്വങ്ങളുമായി ജീവിക്കുന്ന മാമുനിമാരുടെ ലക്ഷ്യം അവിടുന്നത്രെ. ആ മാമുനിമാർ ശാന്തശീലരും സമദൃഷ്ടികളും ലൗകീകവസ്തുക്കളിൽ ഭോഗാസക്തിയില്ലാത്തവരുമത്രെ. സാത്വീകതയാണ് ഭഗവാൻെറ രൂപം. മഹാത്മാക്കളാണ് അവിടുത്തെ സ്വന്തം ദേവതകൾ. വിജ്ഞാനവിവേകങ്ങളാർജ്ജിച്ചവരും ശാന്തശീലരും ഭൗതീകാഗ്രഹങ്ങൾ വിട്ടുപോയവരും ഭഗവാനെ പൂജിക്കുന്നു. ദേവൻമാരും അസുരൻമാരും മറ്റുള്ളവരുമെല്ലാം ഭഗവാൻെറ സ്വന്തം മായയിൽനിന്നുത്ഭൂതമായവരത്രെ. സാത്വീകതകൊണ്ട് മാത്രമേ ഭഗവാനെ പ്രാപിക്കാനാവൂ. ഈ സത്യത്തെ ധ്യാനിച്ച് മഹർഷിമാർ പരമപദം പൂകി.